ദേശീയ ഗെയിംസിന്റെ ഓർഗനൈസിംഗ് കമ്മിറ്റിയും അതിന്റെ ഭാഗമായുള്ള 22 കമ്മിറ്റികളും ഫലപ്രദമായി പ്രവർത്തിച്ച് ഗെയിംസ് നടത്തുന്നതിന് ആവശ്യമായ എല്ലാ തയ്യാറെടുപ്പുകളും നടത്തിവരികയാണ്.

വിവിധ കായിക ഉപകരണങ്ങൾ വിദേശത്തുനിന്നും രാജ്യത്തിനകത്ത് നിന്നുമായി സ്വരൂപിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ഭൗതിക സാഹചര്യ വികസനത്തിനും ഗെയിംസ് നടത്തിപ്പിനുമായി 540 കോടിയോളം രൂപയുടെ ആകെ ചെലവാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാർ നൽകുന്ന തുകയ്ക്ക പുറമേ സ്പോൺസർഷിപ്പിലൂടെയും തുക സമാഹരിക്കാൻ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് നടപടി സ്വീകരിച്ചുവരുന്നു.

ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ

21 (*321) ശ്രീ. എ. എം. ആരിഫ് :

ശ്രീ. പി. ടി. എ. റഹീം :

ശ്രീ. ആർ. രാജേഷ് :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രിമിനൽ കേസുകളിൽ പ്രതികളായവരെ പോലീസിൽ നിയമിക്കരുതെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതേത്തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ക്രിമിനൽ കേസിൽ പ്രതികളായിട്ടുള്ളവരോ കുറ്റവിമുക്തരായിട്ടുള്ളവരോ നിലവിൽ പോലീസിൽ തുടരുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) പോലീസിന്റെ വിശ്വാസ്യത തകർക്കുന്നവരെയും അതിന് നിർദ്ദേശം നൽകുന്ന ഉന്നതരെയും മാറ്റിനിർത്തുന്നതിനു നടപടി സ്വീകരിക്കുമോ ;

(ഇ) ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി വിലയിരുത്തിയിട്ടുണ്ടോ : കള്ളക്കേസുകളിൽ ഉൾപ്പെട്ടവർ ആണെന്ന് ബോദ്ധ്യമാവുകയും പിന്നീട് കുറ്റവിമുക്തരാവുകയും ചെയ്യുന്നവരുടെ കാര്യത്തിൽ പ്രസ്തുത വിധി എപ്രകാരം ബാധകമാകുമെന്നു വിലയിരുത്തിയിട്ടുണ്ടോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിധിയുടെ വിശദാംശങ്ങൾ നിയമ വിദഗ്ധരുമായി ചേർന്ന് പരിശോധിച്ചു വരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ക്രിമിനൽ കേസിൽ പ്രതികളായിട്ടുള്ളവരും, കുറ്റ വിമുക്തരായിട്ടുള്ളവരുമായ 976 പേർ നിലവിൽ പോലീസിൽ തുടരുന്നുണ്ട്. ടി ഉദ്യോഗസ്ഥരുടെ പേര്, റാങ്ക്, യൂണിറ്റ് എന്നിവ ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) നിയമ വിരുദ്ധ പ്രവർത്തികൾ നടത്തുന്നവർക്കെതിരെ നിയമാനുസൃതമായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ വിശദാംശങ്ങൾ വിലയിരുത്തി വരുന്നതേയുള്ളൂ.

സ്കൂൾ ബസ്സുകളിൽ യാത്ര ചെയ്യുന്ന കുട്ടികളുടെ സുരക്ഷ

22 (*322) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ ബസ്സുകളിൽ യാത്ര ചെയ്യുന്ന കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കാമോ ;

(ബി) ഇതിനായി റോഡു സുരക്ഷാവിഭാഗം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സുരക്ഷ ഉറപ്പുവരുത്താൻ രക്ഷിതാക്കൾക്കും സ്കൂളധികൃതർക്കും വേണ്ടി എന്തെല്ലാം ബോധവത്ക്കരണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ഡി) വാഹനസുരക്ഷ സംബന്ധിച്ച് എന്തെല്ലാം പരിശോധനകളാണ് മോട്ടോർ വാഹന വകുപ്പ് നടത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly